പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 21

# 2026-ലെ കേരള സന്നദ്ധ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളും ജീവനക്കാരും (സംരക്ഷണവും ഏകോപനവും) ബിൽ

(ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 21

**2026-ലെ കേരള സന്നദ്ധ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളും ജീവനക്കാരും (സംരക്ഷണവും ഏകോപനവും) ബിൽ**

(ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ എം. എൽ. എ. നോട്ടീസ് നൽകിയത്)

1430/2026.

പതിനാറാം കേരള നിയമസഭ

ബിൽ നമ്പർ 21

# 2026-ലെ കേരള സന്നദ്ധ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളും ജീവനക്കാരും (സംരക്ഷണവും ഏകോപനവും) ബിൽ

(ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ എം. എൽ. എ. നോട്ടീസ് നൽകിയത്)

പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും. രോഗികൾക്കും വയോജനങ്ങൾക്കും ഉറപ്പുള്ള പരിചരണം നൽകുന്നതിനും, ഇത്തരം സ്ഥാപനങ്ങൾക്കും അവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്കും സന്നദ്ധപ്രവർത്തകർക്കും ആവശ്യമായ സുരക്ഷയും സാമൂഹിക ഭദ്രതയുംഉറപ്പാക്കുന്നതിനും, സംസ്ഥാനതലത്തിൽ ഏകികൃത മാർഗ്ഗ നിർദ്ദേശങ്ങളുംഏകോപന സംവിധാനവും രൂപീകരിക്കുന്നതിനുമുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിലെ സന്നദ്ധ / ഇതര മേഖലകളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, രോഗികൾക്കും വയോജനങ്ങൾക്കും ഉറപ്പുള്ള പരിചരണം നൽകുന്നതിനും, ഇത്തരം സ്ഥാപനങ്ങൾക്കും അവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്കും സന്നദ്ധപ്രവർത്തകർക്കും ആവശ്യമായ സുരക്ഷയും സാമൂഹിക ഭദ്രതയും ഉറപ്പാക്കുന്നതിനും, സംസ്ഥാനതലത്തിൽ ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങളും ഏകോപന സംവിധാനവും രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—ഈ ആക്റ്റിന് 2026-ലെ കേരള സന്നദ്ധ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളും ജീവനക്കാരും (സംരക്ഷണവും ഏകോപനവും) ആക്റ്റ് എന്ന് പേര് പറയാം.

ഇത് സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

ഇതിന് കേരളം സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കും.

1430/2026.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ)"സന്നദ്ധ പാലിയേറ്റീവ് സ്ഥാപനം" എന്നാൽ ലാഭേച്ഛയില്ലാതെ, സൗജന്യമായോ കുറഞ്ഞ നിരക്കിലോ പാലിയേറ്റിവ് പരിചരണം നൽകുന്ന ട്രസ്റ്റുകൾ. എൻ. ജി. ഓ.-കൾ. സൊസൈറ്റികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നർത്ഥമാക്കുന്നു;

(ബി) പാലിയേറ്റിവ് ജീവനക്കാർ / സന്നദ്ധപ്രവർത്തകർ എന്നാൽ ഈ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർ, നഴ്സുമാർ, ഫിസിയോതെറാപ്പിസ്റ്റുകൾ, അറ്റൻഡർമാർ, ഡ്രൈവർമാർ, കൗൺസിലർമാർ, സന്നദ്ധപ്രവർത്തകർ എന്നിവർ എന്നർത്ഥമാക്കുന്നു;

(സി) " സർക്കാർ" എന്നാൽ കേരളം സർക്കാർ എന്നർത്ഥമാക്കുന്നു;

(ഡി) " വിജ്ഞാപനം " എന്നാൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാക്കുന്നു;

3. <u>നിലവിലുള്ള പ്രധാന പ്രശ്നങ്ങൾ.</u>—(i) സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും കൃത്യമായ നിയമപരമായോ സാമൂഹികപരമായോ ഉള്ള സംരക്ഷണം ഇല്ലായ്മ;

(ii) ഏകികൃത മാർഗ്ഗനിർദ്ദേശങ്ങളുടെയോ (Standard Operating Guidelines) രോഗി പരിചരണ മാനദണ്ഡങ്ങളുടെയോ അഭാവം;

(iii) സ്ഥാപനങ്ങൾ തമ്മിൽ ഏകോപനമില്ലാത്തതിനാൽ സേവനങ്ങൾ ഒരുപോലെ ലഭ്യമാകാതിരിക്കൽ;

(iv) ജീവനക്കാരുടെ വേതനക്കുറവ്, തൊഴിൽ സുരക്ഷിതത്വമില്ലായ്മ, ഇൻഷ്വറൻസ് ആനുകൂല്യങ്ങളുടെ അഭാവം;

(v) സാമ്പത്തിക സ്ഥിരതയില്ലായ്മയും ഫണ്ടുകളുടെ സുതാര്യതക്കുറവും.

4. <u>സംസ്ഥാന പാലിയേറ്റീവ് ഏകോപന കൗൺസിൽ രൂപീകരണം (State Palliative Coordination Council).</u>—സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോട് കൂടി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും സർക്കാരിന്റെ നേതൃത്വത്തിൽ ഒരു 'സംസ്ഥാന പാലിയേറ്റീവ് ഏകോപന കൗൺസിൽ' രൂപീകരിക്കും

5. <u>കൗൺസിലിന്റെ ഘടന.</u>—(എ) ആരോഗ്യവകുപ്പ് മന്ത്രി ചെയർമാൻ ആയിരിക്കേണ്ടതാണ്;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി വൈസ് ചെയർമാൻ ആയിരിക്കേണ്ടതാണ്;

(സി) ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനർ ആയിരിക്കേണ്ടതാണ്;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി;

(ഇ) സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി;

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എം. എൽ. എ.- മാർ;

(ജി) നാഷണൽ ഹെൽത്ത് മിഷനിൽ നിന്നുള്ള പാലിയേറ്റിവ് നോഡൽ ഓഫിസർ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സന്നദ്ധ പാലിയേറ്റീവ് സംഘടനകളുടെ മൂന്ന് പ്രതിനിധികൾ;

(ഐ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മെഡിക്കൽ &നഴ്സിംഗ് വിദഗ്ധർ;

(ജെ)സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന വളണ്ടിയർ പ്രതിനിധികൾ.

6. <u>ചുമതലകൾ.</u>—(1)സംസ്ഥാനത്തെ എല്ലാ സന്നദ്ധ പാലിയേറ്റീവ് സ്ഥാപനങ്ങൾക്കും ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങളും രജിസ്ട്രേഷനും നടപ്പിലാക്കുക.

(2) പ്രാദേശിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സർക്കാർ പാലിയേറ്റീവ് ഗ്രിഡ് വഴിയും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.

(3) അർഹരായ രോഗികൾക്ക് വിവേചനമില്ലാതെ സേവനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

7. <u>സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും സന്നദ്ധപ്രവർത്തകർക്കുമുള്ള സംരക്ഷണം.</u>—(1) തൊഴിൽ നിയമ സംരക്ഷണം: സേവനത്തിനിടയിൽ ഉണ്ടാകുന്ന അനാവശ്യമായ തടസ്സപ്പെടുത്തലുകൾ, അക്രമങ്ങൾ, ഭീഷണികൾ എന്നിവയിൽ നിന്ന് ജിവനക്കാർക്കും സന്നദ്ധപ്രവർത്തകർക്കും പ്രത്യേക നിയമ സംരക്ഷണം ഉറപ്പാക്കും.

(2) ആരോഗ്യ-അപകട ഇൻഷ്വറൻസ്: സന്നദ്ധ പാലിയേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാർക്കും ഹോം കെയർ സന്നദ്ധപ്രവർത്തകർക്കും സർക്കാർ പങ്കാളിത്തത്തോടെയുള്ള പ്രത്യേക ഇൻഷ്വറൻസ്/സുരക്ഷാ പദ്ധതി നടപ്പിലാക്കും.

(3) പരാതി പരിഹാര സെൽ ജീവനക്കാരുടെയും രോഗികളുടെയും പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ പരാതി പരിഹാര സെല്ലുകൾ രൂപീകരിക്കും.

8. ഗുണനിലവാരവും വ്യാജ സ്ഥാപനങ്ങളുടെ തടയലും.—(1) എല്ലാ പാലിയേറ്റിവ് കേന്ദ്രങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യണം.

(2) രോഗീ പരിചരണത്തിലും മരുന്ന് വിതരണത്തിലും ഏകീകൃത ഗുണനിലവാരം ഉറപ്പാക്കാൻ കൗൺസിലിന് അധികാരമുണ്ടായിരിക്കും

(3) ഒരു 'സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസിജിയർ ' ഉണ്ടാക്കും.

(4) വ്യാജ സ്ഥാപനങ്ങളെയും സാമ്പത്തിക ചൂഷണങ്ങളെയും തടയാൻ കൃത്യമായ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തും.

9. പരിശീലനവും ശേഷി വർദ്ധനവും (Training & Capacity Building).—(1)പാലിയേറ്റിവ് ജീവനക്കാർക്കും സന്നദ്ധപ്രവർത്തകർക്കും ശാസ്ത്രീയ പരിശീലനവും നൈപുണ്യ വികസനവും ഉറപ്പാക്കുന്നതിന് സർക്കാരിന്റെ ആരോഗ്യ വകുപ്പ് വഴി സൗജന്യ പരിശീലന പരിപാടികൾ നൽകും.

(2) പരിചരണ നിലവാരം ഉയർത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ സർട്ടിഫിക്കേഷൻ കോഴ്സുകൾ സംഘടിപ്പിക്കും.

10. സാമ്പത്തിക സഹായവും വെൽഫെയർ ഫണ്ടും (Financial Support & Welfare fund).—(1)സന്നദ്ധ പാലിയേറ്റീവ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സ്ഥിരത ഉറപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് പ്രത്യേക ഗ്രാന്റ് അനുവദിക്കും

(2) ജീവനക്കാരുടെ ക്ഷേമത്തിനായി ഒരു 'പാലിയേറ്റിവ് കെയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട്' രൂപീകരിക്കും.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം.

കേരളത്തിലെ സന്നദ്ധ പാലിയേറ്റീവ് പ്രസ്ഥാനം ലോകമെമ്പാടും മാതൃകയായ ഒന്നാണ്. എന്നാൽ, ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും അവിടുത്തെ ജീവനക്കാർക്കും കൃത്യമായ സുരക്ഷയോ, ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങളോ, സാമ്പത്തിക ഭദ്രതയോ ഇല്ലെന്നത് അവരുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനും, ജീവനക്കാർക്കും പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ ഭാഗത്തുനിന്ന് ഏകോപനവും നിയമപരമായ സംരക്ഷണവും ഉറപ്പാക്കാനും ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാന പാലിയേറ്റിവ് ഏകോപന കൗൺസിൽ നിലവിൽ വരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് വേണ്ടി വരുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും കൗൺസിലിന്റെ പ്രാരംഭചെലവുകൾക്ക് ഒരു കോടി രൂപ സഞ്ചിത നിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏല്പിച്ചുകൊടുത്ത നിയമനിർമാണം സംബന്ധിച്ച മെമ്മോറണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വെക്കേണ്ടതാണ്. സഭക്ക് അത് അംഗീകരിക്കാനും ഭേദഗതി ചെയ്യുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

ടി. കെ. ഗോവിന്ദൻ മാസ്റ്റർ, **എം. എൽ. എ.**